# Malayalam I Answer Key

# SSLC Model exam 2022

| Q. NO | Answer |
|---|---|
| 1 | ഐശ്വര്യവും യൗവനവും അസ്ഥിരമാണ്. |
| 2 | ധൃഷ്ടദ്യുമ്നനെ. |
| 3 | ദുഃഖം. |
| 4 | എണ്ണിയെണ്ണി - എണ്ണി, എണ്ണി. |
| 5 | നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തോന്നു വേണ്ടു. |
| 6 | ഒരോട്ടു ഗ്ലാസ്സിൽചുടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി മാഡം തലത്ത് മെല്ലെ നടന്നുവരുന്നത് പണ്ട് തന്റെ അമ്മ നടന്നു വരാരുള്ള പോലെ ആയിരുന്നു. |
| 7 | നന്ദി- മാതൃത്വത്തിന്റെ തീവ്രവേദന ആവിഷ്ക്കരിച്ച 'പിയത്ത' ശില്പം നിർമ്മിച്ചതിന്<br>മാപ്പ് -സാംസ്കാരികമായി അധഃപതിച്ച പുതുതലമുറ ശില്പം തകർത്തതിന്. |
| 8 | താഴ്ന്ന ജാതിക്കാർക്ക് ചവറിന്റെ വിലപോലും കൽപ്പിക്കാത്ത സാമൂഹിക സാഹചര്യം, ദാരിദ്ര്യം, പട്ടിണി, അവഗണന, പാർശ്വവത്ക്കരണം. |
| 9 | ദിവാകരനെ സൂര്യനോടും നളിനിയെ പനിനീർ പൂവിനോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. കരഞ്ഞു തുടുത്ത നളിനിയുടെ മുഖത്ത് പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ വീണു കുതിർന്ന നനഞ്ഞ പനിനീർ പൂവിനോട് ഉപമിച്ചിരിക്കുന്നു. നളിനിയുടെ ദുഃഖങ്ങൾ ദിവാകരനെ കാണുന്നതോടുകൂടി ഇല്ലാതാകും എന്നുള്ള സൂചനകൾ |
| 10 | വെള്ളായിയപ്പന്റെ നിസ്സഹായ അവസ്ഥയാണ് ഈ വരികൾ സൂചിപ്പിക്കുന്നത്. വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടും കൂടി പേറ്റിച്ചികൾ പിറന്നുവീഴുന്ന കുഞ്ഞിനെ കൈകളിലേക്ക് സ്വീകരിക്കുന്നത് പോലെ കുഞ്ഞുണ്ണിയുടെ ജീവനില്ലാത്ത ശരീരം വെള്ളായിയപ്പൻ ഏറ്റുവാങ്ങുന്നു. ദാരിദ്ര്യംകൊണ്ട് കഷ്ടത അനുഭവിക്കുന്ന വെള്ളായിയപ്പന്റെ നിസ്സഹായ അവസ്ഥ, മകൻറെ മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോകാൻ പണമില്ലാത്ത,നീതി നിഷേധിക്കപ്പെടുന്ന, അടിച്ചമർത്തപ്പെടുന്ന, സാമൂഹികമായി പിന്നാക്ക അവസ്ഥയിൽ ജീവിക്കുന്ന ആളുകളുടെ ദൈന്യതയാണ് ഇതിലൂടെ വെളിപ്പെടുന്നത്. |
| 11 | സ്വന്തം ജീവിതത്തിൽ ദസ്തയേവിസ്കിക്ക് അനുഭവിക്കേണ്ടിവന്ന ആത്മസംഘർഷങ്ങളും മനുഷ്യ പ്രകൃതിയുടെ അവസ്ഥയുമാണ് അദ്ദേഹത്തെക്കൊണ്ട് തൻറെ ജീവിതം വെറുമൊരു പേക്കിനാവായി തീർന്നു എന്ന് പറയിപ്പിക്കുന്നത്. ചൂതാട്ടം കൊണ്ട് എല്ലാം നഷ്ടപ്പെട്ട അവസ്ഥയും, എഴുതാനുള്ള നോവലുകൾ പോലും പണയം വയ്ക്കേണ്ടിവന്നതും ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന പ്രതിസന്ധികളും പാപത്തിന്റെയും ആത്മപീഡയുടെയും ആഴങ്ങളും അപാരമായ ദുരന്തബോധവും കഷ്ടപ്പാടുകളും തിരസ്കാരങ്ങളും തോൽവികളും വ്യസനങ്ങളും എല്ലാം ഇതിനു കാരണമായി. |

| | |
|---|---|
| 12 | സമൂഹത്തിലെ ഉന്നതകുലജാതർക്കിടയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന സാഹിത്യത്തെ സാധാരണക്കാരിലേക്ക് എത്തിക്കുകയും അവരുടെ ജീവിതത്തെ നവീകരിക്കുകയും ചെയ്തവരാണ് കവിയുടെ പൂർവികർ. അവർ മണ്ണിനെ പൊന്നണിയിക്കുന്നവരുടെ അധ്വാനത്തിന്റെ മഹത്വം പാടി നാടിനെ ഉണർത്തി. ഈ പുതിയ സാമൂഹ്യബോധത്തിൽ നിന്നും ആണ് ഈ കുതിരയെ ഞാൻ നേടിയത് എൻറെ ശക്തി ഒരിക്കലും മായുകയില്ല. അധ്വാനിക്കുന്നവർക്കും സാധാരണക്കാർക്കും വേണ്ടി നിലകൊള്ളുന്നതാണ് യഥാർത്ഥ കവിത. |
| 13 | ഊർജ്ജസ്വലനും നിഷ്കളങ്കനുമായ ഒരു കുട്ടിയുടെ സഹജമായ സ്വഭാവത്തോടുകൂടി അവൻ മുലകുടിച്ചു കൊണ്ടിരിക്കുന്ന സിംഹക്കുട്ടിയുടെ സട പിടിച്ചുവലിക്കുകയും അതിൻറെ പല്ലുകൾ എണ്ണാൻ ശ്രമിക്കുകയും ചെയ്യുന്നു. അവൻ ആരെയും ഭയക്കുന്നില്ല അനുസരിക്കുന്നുമില്ല താപസ്സന്മാരുടെ സ്നേഹം നിറഞ്ഞ പരിഭവം പോലും അവൻ അവഗണിക്കുകയാണ്. കുഞ്ഞുങ്ങൾക്ക് സഹജമായ ദുശ്ശാഠ്യവും ചുറുചുറുക്കും ധൈര്യവും തികഞ്ഞ ആരും ഇഷ്ടപ്പെടുന്ന ഒരു കുട്ടിയായിയാണ് സർവ്വദമനനെ അവതരിപ്പിച്ചിരിക്കുന്നത് |
| 14 | വല്ലപാടും നേടിയ വിജയമാണ് പാണ്ഡവരുടെ വിജയമെന്ന് മാരാർ ഭാരതപര്യടനത്തിൽ വ്യക്തമാക്കുന്നു. വല്ലപാടും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എങ്ങനെയെങ്കിലും, തെറ്റായ മാർഗ്ഗത്തിലൂടെ, ചതിപ്രയോഗത്തിലൂടെ, കൗശലത്തിലൂടെ നേടിയ വിജയമെന്നാണ്. ലേഖനത്തിന്റെ തുടക്കത്തിൽ തന്നെ യുദ്ധനിയമങ്ങളെക്കുറിച്ച് മാരാർ നമുക്ക് വ്യക്തമാക്കിത്തരുന്നു. എന്നാൽ യുദ്ധത്തിന്റെ ആദ്യ ദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറേ പാലിക്കപ്പെട്ടു. പിന്നീടുള്ള ദിവസങ്ങളിൽ എന്തൊക്കെ നിയമങ്ങളുണ്ടോ അതെല്ലാം തിരസ്കരിച്ചുകൊണ്ടാണ് യുദ്ധം നടന്നത്. പാണ്ഡവപക്ഷത്തുനിന്ന് അധർമ്മ യുദ്ധത്തിന്റെ പരമ്പര തന്നെയാണ് രൂപപ്പെട്ടത്. കൗരവവീരന്മാരെക്കൊന്നത് അധർമ്മത്തിന്റെ വഴികളിലൂടെയാണ്. യഥാർത്ഥ ക്ഷത്രിയൻ ശക്തി കൊണ്ടും, കഴിവുകൊണ്ടുമാണ് യുദ്ധത്തിൽ വിജയിക്കേണ്ടത്. എന്നാൽ പാണ്ഡവരുടെ വിജയം ഇങ്ങനെയല്ലെന്ന് കൗരവപാണ്ഡവയുദ്ധത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. പാണ്ഡവരുടെ വിജയത്തെ തികച്ചും അവജ്ഞയോടെയാണ് മാരാർ കാണുന്നത്. അതുകൊണ്ട് വല്ലപാടും നേടിയ വിജയം എന്ന മാരാരുടെ അഭിപ്രായം ഔചിത്യപൂർണ്ണമാണ്. |
| 15 | • ചിത്രത്തിന്റെ വൈകാരികതലം ഉൾക്കൊണ്ട് അതിന്റെ സൂക്ഷ്മഭാവങ്ങൾ കഥയിൽ അവതരിപ്പിക്കുന്നു.<br>• മാനസികാവസ്ഥ വ്യക്തമാക്കുന്ന പ്രയോഗങ്ങൾ.<br>• സമയസൂചന.<br>• കഥാപാത്രങ്ങളുടെ ചലനങ്ങളിലൂടെ ദുഃഖഭാവം അവതരിപ്പിക്കുന്നു.<br>• ദാരിദ്ര്യം വാങ്മയചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>• മകന്റെ മരണത്തെ സംബന്ധിച്ച സൂചനകൾ മാത്രം നൽകുന്നു. |
| 16 | തെറ്റ് ചെയ്യുന്നവർക്ക് മാപ്പ് നൽകുന്ന സ്നേഹത്തിൻറെ ശക്തിയും മെത്രാന്റെ ഹൃദയ വിശാലതയും സ്നേഹത്തിൻറെ ശക്തി ലോകത്തെ കീഴടക്കുമെന്ന സന്ദേശവും അഭയം നൽകുന്ന മെത്രാൻ മുന്നോട്ടുവെക്കുന്ന മാനവികതയുടെ മൂല്യങ്ങളും ഉൾക്കൊള്ളിച്ച് അഭിസംബോധന, ആമുഖം എന്നേ ഉൾപ്പെടുത്തി പ്രഭാഷണ ഘടന പാലിച്ച് ഉത്തരം തയ്യാറാക്കുക |
| 17 | ഗ്രാമീണ അന്തരീക്ഷം, കളികൾ, ബാല്യത്തിലേക്ക് മടങ്ങാനുള്ള കൊതി, ഗ്രാമത്തിന്റെ നന്മകൾ അന്യമാകുന്ന പുതുതലമുറ, ഗൃഹാതുരത്വം തുടങ്ങിയ പ്രധാന ആശയങ്ങൾ ഉൾക്കൊള്ളിച്ച് കവിതയിലെ ആസ്വാദനാശങ്ങളെകുറിച്ച് |

| | |
|---|---|
| | സൂചിപ്പിച്ച് ഇഷ്ടപ്പെട്ട വരികൾ, പ്രയോഗങ്ങൾ എന്നിവ എടുത്ത് എഴുതി കവിതയുടെ ശീർഷകത്തെയും കവിയെയും കുറിച്ചുള്ള വിവരണങ്ങളും ഉൾപ്പെടുത്തി ആസ്വാദനം തയ്യാറാക്കുക |